LIBRARY ARCHIVES Kerala Legislative Assembly

ചാലക്കുടിയിലെ താലൂക്ക് ഓഫീസിന് പുതിയ കെട്ടിടം

164(3044) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളരെ പരിമിതമായ സൗകര്യങ്ങളോടുകൂടി പ്രവർത്തിക്കുന്ന ചാലക്കുടിയിലെ താലൂക്ക് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) വ്യവസായ വകുപ്പിൽനിന്നും മുനിസിപ്പാലിറ്റിക്ക് അനുവദിച്ചു നൽകിയ റീ ഫാക്ടറീസ് വക സ്ഥലത്ത് പ്രസ്തുത കെട്ടിട നിർമ്മാണം നടത്താൻ അവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കാഫീസ് കെട്ടിട നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭിച്ച 5 കോടി രൂപയുടെ പ്രൊപ്പോസൽ പ്ലാനിംഗ് ബോർഡിൽ 2015-16 സാമ്പത്തിക വർഷത്തിൽ അംഗീകാരത്തിനായി സമർപ്പിച്ചുവെങ്കിലും ഫണ്ട് പരിമിതി കാരണം അംഗീകാരം ലഭിച്ചിട്ടില്ല.

(ബി) വ്യവസായ വകുപ്പിൽനിന്നും മുനിസിപ്പാലിറ്റിക്ക് അനുവദിച്ചു നൽകിയ റീ ഫാക്ടറീസ് വക സ്ഥലത്ത് മിനി സിവിൽ സ്റ്റേഷൻ പണിയുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരികയാണ്.

കണ്ണൻദേവൻ കമ്പനിയുടെ കൈവശമുള്ള ഭൂമി

165(3045) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ കണ്ണൻ ദേവൻ കമ്പനിക്ക് (KDHP Ltd) എത്ര ഹെക്ടർ സ്ഥലമാണ് പാട്ടത്തിനു നല്കിയിട്ടുള്ളത്;

(ബി) പാട്ടവ്യവസ്ഥ ലംഘിച്ചുകൊണ്ട് കമ്പനി ഭൂമി കൈമാറ്റം നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) എങ്കിൽ എത്ര ഹെക്ടർ ഭൂമിയാണ് കൈമാറ്റം ചെയ്തിട്ടുള്ളതെന്നു വ്യക്തമാക്കാമോ;

(ഡി) ചട്ടങ്ങൾക്കുവിരുദ്ധമായി കൈമാറ്റം നടത്തുകയും കൈവശം വയ്ക്കുകയും ചെയ്തിട്ടുള്ള ഭൂമി തിരിച്ചെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 57359.14 ഏക്കർ പാട്ട ഭൂമി ഉള്ളതായി കാണുന്നു.

(ബി) ഉണ്ട്.

(സി & ഡി) 1971-ന് മുമ്പ് പാട്ട വ്യവസ്ഥ ലംഘിച്ച് KDHP കമ്പനി കൈമാറ്റം നടത്തിയ ഭൂമി 1971-ലെ KDH നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമാണ്. 1971-ന് മുമ്പായി കണ്ണൻദേവൻ കമ്പനി മതസംഘടനകൾ, വ്യക്തികൾ, എസ്റ്റേറ്റുകൾ, സംഘടനകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവർക്ക് തീറായും ഗിഫ്റ്റായും ലീസായും 7171.31.400 ഏക്കർ ഭൂമിയും 1976-ന് ശേഷം ടാറ്റാ ടീ കമ്പനി 24.295 ഏക്കർ ഭൂമിയും കൈമാറ്റം നടത്തിയിട്ടുണ്ട്. ടാറ്റാ ടീ കമ്പനിയുടെ കൈവശത്തിലിരിക്കുന്ന ഭൂമിയുടെ രേഖകൾ വ്യാജമാണെന്നും, ആയതിനാൽ പ്രസ്തുത ഭൂമി തിരിച്ചെടുക്കേണ്ടതാണെന്നുമുള്ള നിലപാടാണ് സർക്കാർ ബഹു. കേരളാ ഹൈക്കോടതി മുമ്പാകെ എടുത്തിട്ടുള്ളത്.

നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തൽ

166(3046) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിൽ വേങ്ങേരി, ചേവായൂർ, കോട്ടൂളി, നെല്ലിക്കോട് വില്ലേജുകളിലെ നെൽവയലുകളും, തണ്ണീർത്തടങ്ങളും നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത വില്ലേജുകളിൽ തണ്ണീർത്തടങ്ങളും, നെൽവയലുകളും സംരക്ഷിക്കുന്നതിനായി വില്ലേജ് ഓഫീസർമാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇത്തരം കേസുകളിൽ ബന്ധപ്പെട്ട് വില്ലേജ് ഓഫീസർമാർ ഭൂ ഉടമകൾക്ക് സ്റ്റോപ്പ് മെമ്മോ നൽകുകയും കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 13 പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(സി) അനധികൃത തരംമാറ്റം ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ ഭൂ ഉടമകൾക്ക് സ്റ്റോപ്പ് മെമ്മോ നൽകുകയും കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 13 പ്രകാരമുള്ള തുടർ നടപടികൾക്കായി വിശദമായ റിപ്പോർട്ട് ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും ചെയ്യുന്നു.